# Visit of the Foreign Secretary to New York (14-16 July 2021)

July 15, 2021

---

# വിദേശകാര്യ സെക്രട്ടറിയുടെ ന്യൂ യോർക്ക് സന്ദർശനം (14-16 ജൂലൈ 2021)

ജൂലൈ 15, 2021

2021 ജൂലൈയിലെ ഫ്രാൻസിന്റെ അധ്യക്ഷതയിൽ ചേരുന്ന ഐക്യ രാഷ്ട്രസഭ സുരക്ഷാ കൗൺസിലിന്റെ ഉന്നത തല സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധൻ ശൃംഗള 2021 ജൂലൈ 14 -16 തിയ്യതികളിൽ ന്യൂ യോർക്കിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തുന്നതാണ്.

2. 2021 ജൂലൈ 15 ന് യൂറോപ്പ്, ഫ്രാൻസിന്റെ വിദേശകാര്യ മന്ത്രിയും യൂറോപ്പ് മിനിസ്റ്ററുമായ ജീൻ-യെവ്സ് ലെ ഡ്രിയാൻ അധ്യക്ഷനായി "ലിബിയയിലെ സ്ഥിതി" എന്ന വിഷയത്തിൽ ഉന്നതതല സുരക്ഷാ കൗൺസിൽ സംക്ഷിത സമ്മേളനത്തിൽ വിദേശകാര്യ സെക്രട്ടറി പങ്കെടുത്തിരുന്നു. 2021 ഡിസംബർ 24 ന് ലിബിയയിൽ നടത്താനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം, ലിബിയയുടെ പരമാധികാരം, സ്വാതന്ത്ര്യം, ഐക്യം, പ്രാദേശിക സമഗ്രത എന്നിവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, വെടിനിർത്തൽ കരാർ പൂർണ്ണമായി നടപ്പാക്കുന്നതിന്റെ പ്രാധാന്യം എന്നിവ അദ്ദേഹം എടുത്തുപറഞ്ഞു.ലിബിയയിലെ ആയുധ നിരോധനത്തിന്റെ ലംഘനത്തെക്കുറിച്ചും ലിബിയയിൽ പ്രവർത്തിക്കുന്ന തീവ്രവാദ ഗ്രൂപ്പുകളെയും സ്ഥാപനങ്ങളെയും ചോദ്യം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. രാജ്യത്ത് ശാശ്വത സമാധാനം സ്ഥാപിക്കാനുള്ള ശ്രമത്തിൽ ലിബിയയെയും ലിബിയൻ ജനതയെയും പിന്തുണയ്ക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധത അദ്ദേഹം ആവർത്തിച്ചു, പരസ്പരം തിരിച്ചറിഞ്ഞ മേഖലകളിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും പരിശീലന സഹായം നൽകുന്നതിനും ഇന്ത്യയുടെ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു.

3. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസുമായി ജൂലൈ 15 നു ഉച്ചതിരിഞ്ഞ് വിദേശകാര്യ സെക്രട്ടറി കൂടിക്കാഴ്ച

നടത്തും. രണ്ടാം തവണയിലേക്ക് നിയമിതനായ സെക്രട്ടറി ജനറലിനെ അദ്ദേഹം അഭിനന്ദിച്ചു. ഓഗസ്റ്റ് മാസത്തിൽ സുരക്ഷാ കൗൺസിലിന്റെ അധ്യക്ഷത പദവിയിലിരുന്നുകൊണ്ട് പരിഗണിക്കുന്ന സമുദ്ര സുരക്ഷ, സമാധാന പരിപാലനം, ഭീകരവാദത്തിനെതിരായ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള മുൻഗണനാപരമായ പ്രവർത്തനങ്ങളെക്കുറിച്ച് വിദേശകാര്യ സെക്രട്ടറി സെക്രട്ടറി ജനറലിനു വിശദീകരിച്ചു.അഫ്ഗാനിസ്ഥാനും മ്യാൻമറും ഉൾപ്പെടെയുള്ള പ്രാദേശിക പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം, അന്താരാഷ്ട്ര സൗര സഖ്യം, ഐക്യ രാഷ്ട്ര സഭ സുരക്ഷാ കൗൺസിൽ പരിഷ്കാരങ്ങൾ, ലോകമെമ്പാടുമുള്ള കോവിഡ്-19 സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള കാഴ്ചപാടുകൾ ചർച്ച ചെയ്യപ്പെട്ടു. അടുത്തിടെ ഉണ്ടായ കോവിഡ് -19 പകർച്ചവ്യാധിക്കെതിരായ ശ്രമങ്ങളിൽ ഇന്ത്യയിലെ ഭരണകൂടത്തിനും ജനതയോടും സെക്രട്ടറി ജനറൽ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. യുഎൻ രക്ഷാസമിതിയിൽ ഇന്ത്യ വഹിക്കുന്ന മികച്ച പങ്കാളിത്തത്തെയും ഐക്യരാഷ്ട്ര സമാധാന പരിപാലനത്തിൽ ഇന്ത്യ നൽകിയ ശക്തമായ സംഭാവനയെയും അദ്ദേഹം അഭിനന്ദിച്ചു. ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിന്റെ വരാനിരിക്കുന്ന ഇന്ത്യൻ അധ്യക്ഷ സ്ഥാനത്തിന് അദ്ദേഹം ആശംസകളും നേർന്നു.

4. ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിൽ ഉന്നതതല യോഗത്തിന്റെ ഭാഗമായി വിദേശകാര്യ സെക്രട്ടറിയും യൂറോപ്പ് മിനിസ്റ്ററും ഫ്രാൻസിന്റെ വിദേശകാര്യ മന്ത്രിയുമായ ജീൻ-യെവ്സ് ലെ ഡ്രയാനുമായി കൂടിക്കാഴ്ച നടത്തി, ഓഗസ്റ്റിലെ ഇന്ത്യയുടെ യുഎൻഎസ്സി അധ്യക്ഷത സംരംഭങ്ങളെക്കുറിച്ച് അദ്ദേഹത്തിനു വിശദീകരിച്ചു. ഇന്ത്യ അധ്യക്ഷനാകുന്ന ഉന്നതതല യോഗങ്ങളിൽ പങ്കെടുക്കാനുള്ള വിദേശകാര്യ മന്ത്രിയുടെ ക്ഷണം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

5. ഐക്യരാഷ്ട്ര സഭയിലെ അമേരിക്ക സ്ഥിര പ്രതിനിധി അംബാസിഡർ ലിൻഡ തോമസ് ഗ്രീൻ ഫീല്ഡിനെയും വിദേശകാര്യ സെക്രട്ടറി സന്ദർശിക്കുന്നതാണ് കൂടാതെ ഐക്യരാഷ്ട്ര സംവിധാനവും അതിന്റെ ഏജൻസികളുമായുള്ള ഇന്ത്യയുടെ പൂർണമായ ഇടപാടുകളും ചർച്ച ചെയ്യുന്നതിന് പൊളിറ്റിക്കൽ ആൻഡ് പീസ് ബിൽഡിംഗ് അഫയേഴ്സ് (ഡിപിപിഎ) അണ്ടർ സെക്രട്ടറി ജനറൽ,റോസ്മേരി ഡികാർലോ; അച്ചിം സ്റ്റെയ്നർ, യുഎസ്ജി, അഡ്മിനിസ്ട്രേറ്റർ, യുഎൻഡിപി; സെക്രട്ടറി ജനറലിന്റെ ഷെഫ് ഡി കാബിനറ്റ്, മരിയ വിയോട്ടി; യു എൻ വിമൻ എക്സിക്യൂട്ടീവ് ഡയറക്ടർ പാംസിയൽ മിലാബോ ഇഞ്ചുസിയോക

കൂടാതെ LDC, SID എന്നിവയുടെ ഉന്നതതല പ്രതിനിധിയും USG യുമായ കോർറ്റെനി രാറ്ററി എന്നിവരെയും വിദേശകാര്യ സെക്രട്ടറി ഇന്ന് സന്ദർശിക്കും.

**ന്യൂ യോർക്ക്**

**ജൂലൈ 15, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.